<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

<u>പ്രാക്തനഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6997   13-7-2012 -ൽ മറുപടിയ്ക്ക്**

<u>ചോദ്യം</u>

ശ്രീ.എ.കെ.ബാലൻ

<u>ഉത്തരം</u>

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

<table>
<tr>
<td>(എ) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുകയാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;</td>
<td>(എ) പ്രാക്തന ഗോത്ര വർഗ്ഗവിഭാഗക്കാരുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും വിവിധ വർഷങ്ങളിൽ ലഭ്യമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>വർഷം</th><th>രൂപ (ലക്ഷം)</th><th>സ്കീം</th></tr>
<tr><td>1</td><td>2004-05</td><td>2.5</td><td>ഇൻഷ്വറൻസ് സ്കീം</td></tr>
<tr><td>2</td><td>2004-05</td><td>12.5</td><td>കാർഷിക വികസനം</td></tr>
<tr><td>3</td><td>2005-06</td><td>5.00</td><td>ഇൻഷ്വറൻസ് സ്കീം</td></tr>
<tr><td>4</td><td>2005-06</td><td>0.50</td><td>ബോധവൽക്കരണ ക്യാമ്പ്</td></tr>
<tr><td>5</td><td>2006-07</td><td>7.00</td><td>കാർഷിക വികസനം</td></tr>
<tr><td>6</td><td>2009-10<br>&<br>2010-11</td><td>480<br><br>480</td><td>ഹൗസിംഗ് ജീവനോപാധി പ്രവർത്തനങ്ങൾ</td></tr>
<tr><td>7</td><td>2011-12</td><td>148 കോടി രൂപ</td><td>(13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള തുക.) ടി 148 കോടി രൂപ 2011-12 സാമ്പത്തിക വർഷം മുതൽ 4 വർഷത്തേയ്ക്ക് നടപ്പാക്കുന്നതിനായാണ് അനുവദിച്ചിട്ടുള്ളത്. ഓരോ വർഷവും 37 കോടി രൂപയാണ് വിനിയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.</td></tr>
</table>
</td>
</tr>
</table>

| | |
|---|---|
| (ബി) കഴിഞ്ഞ വർഷം എത്ര തുകയാണ് ഇവരുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്; ഇതിൽ 2012 മാർച്ച് 31 വരെ എത്ര രൂപ ചെലവഴിച്ചു; | (ബി) & (സി)<br>13-ാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം 148 കോടി രൂപ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി അനുവദിച്ചിരുന്നു. ടി തുക 4 സാമ്പത്തിക വർഷങ്ങളിലായി വിനിയോഗിക്കുന്നതിനായാണ് അനുവദിച്ചിരുന്നത്. 2011-12 സാമ്പത്തിക വർഷം 37 കോടി രൂപ വകയിരുത്തിയതിൽ 11.55 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ടി തുകയിൽ 2012 മാർച്ച് 31 വരെ 1,76,80,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>1. പെരിപ്പതെറ്റിക് സെന്ററുകളുടെ താൽക്കാലിക ഷെഡ് നിർമ്മാണം - 75,000/-<br>2. സ്പെഷ്യൽ അംഗൻവാടികളുടെ താൽക്കാലിക ഷെഡ് നിർമ്മാണം - 2,25,000/-<br>3. ഭവന നിർമ്മാണം (400 വീടുകൾ) - 1,50,00,000/-<br>4. ഊരുകൂട്ട ശാക്തീകരണം - 3,70,000/-<br>5. ഹെൽത്ത് വോളണ്ടിയർമാരുടെ ഹോണറേറിയം - 2,59,197/-<br>6. പ്ലാനിംഗ് ഇംപ്ളിമെന്റേഷൻ & മോണിറ്ററിംഗ് - 17,50,803/-<br>1,76,80,000/-<br>2011-12 സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിലാണ് പദ്ധതി നിർവ്വഹണത്തിന്റെ രൂപരേഖ തയ്യാറാക്കിയതും തുക അനുവദിച്ചതും. അതിനാലാണ് കൂടുതൽ തുകയും വിനിയോഗിക്കാൻ കഴിയാത്തത്. പ്രസ്തുത പദ്ധതികളെല്ലാം തന്നെ ഈ സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നു. ടി തുക ഒരു സാമ്പത്തിക വർഷത്തിൽ പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിഞ്ഞില്ലെങ്കിലും നഷ്ടപ്പെടാതെ തന്നെ അടുത്ത സാമ്പത്തിക വർഷത്തിൽ ഉപയോഗിക്കാൻ കഴിയുന്നതാണ്. |
| (സി) എന്തെല്ലാം പദ്ധതികളാണ് ഇവർക്കുവേണ്ടി കഴിഞ്ഞ വർഷം നടപ്പിലാക്കിയത് ; ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയും അതിന്റെ ഗുണഭോക്താക്കളുടെ എണ്ണവും (2012 മാർച്ച് 31 വരെയുള്ളത്) ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ.